# 8th Children's Bio-diversity Congress.

## പ്രോജക്റ്റുകൾക്കുള്ള വിഷയങ്ങൾ

1 യു.പി. വിഭാഗം — "മണ്ണിലെ ജീവൻ" (മണ്ണിലുള്ള മണ്ണിര, നിരാവിരകൾ, കുഴിയാന, വിവിധ ഇനം വണ്ടുകൾ പെരുച്ചാഴി പോലുള്ള മണ്ണ് തുരന്ന് മാളമുണ്ടാക്കുന്ന ജീവികൾ, മണ്ടരികൾ, ഞണ്ടുകളും, കുമിളുകളും, ഒച്ച്, ഉറുമ്പ്, ചിതല്, ചിലയിനം ചിലന്തികൾ, അട്ടകൾ, സൂക്ഷ്മ ജീവികൾ തുടങ്ങിയവയെക്കുറിച്ചുള്ള പഠനം. കുട്ടികൾ മണ്ണിനെ നിരീക്ഷിച്ചും പുസ്തകങ്ങൾ വായിച്ചും റിപ്പോർട്ട് തയ്യാറാക്കണം. ഈ ജീവികൾ നേരിടുന്ന നാശീകരണം തടയാനുള്ള മാർഗങ്ങൾ ഉൾപ്പെടുത്തണം.)

2 ഹൈസ്കൂൾ വിഭാഗം — "മണ്ണ് സംരക്ഷിക്കാം". (വിദ്യാർത്ഥിയുടെ നാട്ടിൽ നേരിടുന്ന മണ്ണൊലിപ്പ്, മണ്ണിന്റെ പോഷകമൂല്യം നഷ്ടമാകൽ, മരുവത്കരണം തുടങ്ങി പ്രശ്നങ്ങളുടെ രൂക്ഷത സംബന്ധിച്ച പഠനം, ഇവ തടയുന്നതിന് കർഷകർ അവലംബിച്ചുവരുന്ന മാർഗങ്ങൾ, ആധുനിക സാങ്കേതിക വിദ്യകൾ ഇവ സംബന്ധിച്ച വിവരശേഖരണത്തിന് കൃഷിവകുപ്പ്, മണ്ണുസംരക്ഷണ ഗവേഷണ വകുപ്പ്, സ്ഥലത്തെ കർഷകർ തുടങ്ങിയവരുമായി ബന്ധപ്പെടാവുന്നതാണ്. മണ്ണിന്റെ അപചയം തടയുന്നതിനുള്ള നിർദ്ദേശങ്ങളും കാണിക്കണം.

3 ഹയർ സെക്കന്ററി വിഭാഗം — "എന്റെ നാട്ടിലെ മണ്ണ്" (നാട്ടിലെ വിവിധതരം മണ്ണുകൾ നിരീക്ഷിച്ച് പ്രോജക്റ്റ് തയ്യാറാക്കണം. ഇതിൽ മണ്ണിന്റെ അടിസ്ഥാനപരമായ പ്രത്യേകതകൾ പോഷകഘടകങ്ങൾ, ഈ മണ്ണിൽ കൃഷി ചെയ്യുന്ന വിവിധ വിളകൾ മണ്ണുമായി ബന്ധപ്പെട്ട കർഷകരുടെ അനുഭവപാഠങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്താം. ഈ പ്രദേശത്തെ കർഷകർ, കൃഷി ഓഫീസർ, മണ്ണു പരിശോധന ലാബോറട്ടറിയിലെ ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി ആശയവിനിമയം നടത്താവുന്നതാണ്. വിവിധ പ്രദേശങ്ങളിലെ മണ്ണ് സാമ്പിളുകൾ കൃഷിഭവൻ വഴി പരിശോധിച്ച് അതിന്റെ പോഷകമൂല്യം നിർണ്ണയിക്കാം. ഈ പ്രദേശത്തെ മണ്ണിനെ എങ്ങനെ പരിപോഷിപ്പിക്കാം തുടങ്ങിയവ സംബന്ധിച്ച നിർദ്ദേശങ്ങളും പ്രോജക്റ്റ് റിപ്പോർട്ടിൽ പ്രതീക്ഷിക്കുന്നു.)

കുട്ടികൾ തയ്യാറാക്കിയ പ്രോജക്റ്റുകൾ പ്രധാന അദ്ധ്യാപകർ ഒക്ടോബർ 30-നകം ശേഖരിച്ച്

നവംബർ 5-ാം തീയതിക്കു മുമ്പായി വിദ്യാഭ്യാസ ഡയറക്ടറുടെ പക്കൽ ഏല്പിക്കേണ്ടതാണ്. ഓരോ ജില്ലയിലേയും മികച്ച പത്ത് പ്രോജക്റ്റുകൾ (ഓരോ വിഭാഗത്തിലും) ജില്ലാതലത്തിൽ അവതരിപ്പിക്കുവാൻ സാഹചര്യം ഉണ്ടാകും.

മറ്റൊരു ദിവസം (ദിവസം നിശ്ചയിച്ച് പരസ്യം ചെയ്യുന്നതാണ്) ഏതെങ്കിലും ഒരു സ്കൂൾ ആഡിറ്റോറിയത്തിൽ വച്ച് ജില്ലാതല പ്രോജക്ട് അവതരണം നടത്തുന്നതാണ്. ഇതേ ദിവസം തന്നെ പെയിന്റിങ്ങ് (UP) പോസ്റ്റർ (ഹൈസ്കൂൾ) കാർട്ടൂൺ (ഹയർസെക്കന്ററി) കഥാരചന, കവിതാരചന മത്സരങ്ങളും ഉണ്ടാകും. ഈ മത്സരങ്ങളിൽ ജില്ലയിലെ സ്കൂളുകളിൽ നിന്നും ഓരോ വിഭാഗത്തിലും ഒരാളെ തിരഞ്ഞെടുക്കും.

മേൽ പറഞ്ഞ മത്സരങ്ങളിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന വിദ്യാർത്ഥികളെ സംസ്ഥാന ജൈവവൈവിധ്യ കോൺഗ്രസ്സിൽ പങ്കെടുക്കാൻ ക്ഷണിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ~~[illegible]~~

www.keralabiodiversity.org

e-mail keralabiodiversity@gmail.com

DD mobile 9495570972

Office No. 0491 2505469

Dist. Co-ordinator. mobile 9400864545